I/359619/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം
തീയതി: 25-05-2023

നമ്പർ:DT/1703/2023-A5

പ്രേഷിതൻ

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സ്ഥാപനമേധാവികൾക്കും

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം - കേരള നിയമസഭ - സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2021-23) ആറാമത് റിപ്പോർട്ട് - വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1.28.03.2023 ലെ ഇതേ നമ്പർ ചുറ്ററിയിപ്പ്
2.C4/94/2023/തൊഴിൽ നമ്പരായ 23.05.2023 ലെ സർക്കാർ കത്ത്

*********

സൂചനകളിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു ആയത് പ്രകാരം കേരള നിയമസഭ - സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2021-23) ആറാമത് റിപ്പോർട്ടിലെ 22,23 എന്നി ഖണ്ഡികകളിലെ ശുപാർശയിൻമേലുള്ള അനന്തര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ രണ്ട് ദിവസത്തിനകം നൽകണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

സേവനവകാശം സംബന്ധിച്ച അറിയിപ്പുകളും മറ്റ് പൊതുനിർദ്ദേശങ്ങളും സാധാരണക്കാർക്ക് വ്യക്തമാകുന്ന വിധത്തിൽ മലയാളത്തിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾക്ക് സൂചന (1)പ്രകാരം നിർദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി സംബന്ധിച്ച ( സേവനവകാശം സംബന്ധിച്ച അറിയിപ്പുകൾ പ്രദർശിപ്പിച്ചിട്ടില്ല എങ്കിൽ ആയത് പൊതുജനങ്ങൾ കാണുന്ന വിധം പ്രദർശിപ്പിച്ച് ) റിപ്പോർട്ട് രണ്ട് ദിവസത്തിനകം ഈ ഓഫീസിലേക്ക് അയച്ചു നൽകേണ്ടതാണ്.

നിയമസഭയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇക്കാര്യത്തിൽ അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

ഉള്ളടക്കം:- സൂചന കത്തുകൾ

വിശ്വസ്തതയോടെ,

മിനി മാത്യു
ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്
ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

I/310617/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ:DT/1703/2023-A5 തീയതി: 28-03-2023

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്— ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ (2021-2023) റിപ്പോർട്ടിൽ - പൊതു നിർദേശം പാലിക്കുന്നത് - സംബന്ധിച്ച്

സൂചന:- സിഡിഎൻ1/256/2022/പൊഭവ നമ്പരായ 03.03.2023 ലെ സർക്കാർ കത്ത്

സൂചന കത്ത് പ്രകാരം ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ (2021-2023) ഒന്നാമത് റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സേവനവകാശം , വിവരവകാശം സംബന്ധിച്ച അറിയിപ്പുകളും മറ്റ് പൊതുനിർദ്ദേശങ്ങളും സാധാരണകാർക്ക് വ്യക്തമാകുന്ന വിധത്തിൽ മലയാളത്തിൽ പ്രദർശിപ്പിക്കേണ്ടതാണ് എന്നും കൂടാതെ എല്ലാവിധ നാമഫലകങ്ങളിലും മലയാളം കൂടി ഉൾപ്പെടുത്തേണ്ടതാണെന്നും സർക്കാർ നിർദേശിച്ചിരിക്കുന്നു.

സേവനവകാശവും വിവരവകാശവും സംബന്ധിച്ച അറിയിപ്പുകളും മറ്റ് പൊതുനിർദ്ദേശങ്ങളും സാധാരണക്കാർക്ക് വ്യക്തമാകുന്ന വിധത്തിൽ മലയാളത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. സേവനവകാശ നിയമം സംബന്ധിച്ചു ഈ വകുപ്പിൽ നിന്നും നൽകി വരുന്ന സേവനങ്ങളുടെ ലിസ്റ്റ് ഉൾപ്പെടുന്ന വിജ്ഞാപനത്തിന്റെ പകർപ്പ് ആവശ്യമായ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ANEESH A B, ADO DTTVPM, O/O ADO DTTVPM

**സ്വീകർത്താവ്:-** എല്ലാ സ്ഥാപന മേധാവികൾക്കും

**പകർപ്പ്:-**JAA(T)(ട്രെയിനിംഗ് ഡയറക്ടറേറ്റിൽ സേവനവകാശം സംബന്ധിച്ച അറിയിപ്പുകൾ പൊതുജനങ്ങൾ കാണുന്ന വിധത്തിൽ മലയാളത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്)

5670536/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

0 3 APR 2023

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സി4/94/2023/തൊഴിൽ

28-03-2023,തിരുവനന്തപുരം

ഗവൺമെന്റ് സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,തിരുവനന്തപുരം.

സർ,

വിഷയം:- കേരള നിയമസഭ- സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2021-23) ആറാമത് റിപ്പോർട്ടിലെ 22,23 എന്നീ ഖണ്ഡികകളിലെ ശുപാർശയിന്മേലുള്ള അനന്തര നടപടികൾ സംബന്ധിച്ച്

കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2021-23) ആറാമത് റിപ്പോർട്ടിലെ 22,23 എന്നീ ഖണ്ഡികകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയതിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ സമർപ്പിക്കുവാൻ താൽപ്പര്യപ്പെടുന്നു.

നിയമസഭയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇക്കാര്യത്തിനു അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Usharani L
Date: 31-03-2023 14:37:03

| | | | |
|---|---|---|---|
| | | നിയമത്തിൻ കീഴിൽ ഉൾപ്പെട്ടതായിട്ടുള്ള എല്ലാ സേവനങ്ങളും പഞ്ചായത്ത് വകുപ്പിലും ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 7 | 22 | എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും 'സേവനം നിങ്ങളുടെ അവകാശമാണ്' എന്ന ബോർഡ് സ്ഥാപിക്കുന്നതുവഴി സേവനാവകാശ നിയമത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാവുന്നതാണെന്നും അതിനാവശ്യമായ പരസ്യപ്രചാരണം സർക്കാർ തലത്തിൽ സംഘടിപ്പിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത്തരത്തിൽ സേവനാവകാശ നിയമം ജനങ്ങളിലെത്തിക്കുന്നതിനാവശ്യമായ പ്രചാരണ മാർഗ്ഗങ്ങൾ എല്ലാ വകുപ്പുകളും സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഉദ്യോഗസ്ഥ തലത്തിൽ നിന്നും സേവനം ലഭിക്കേണ്ടത് ഒരു പൗരന്റെ അവകാശമാണെന്ന് പൊതുജനങ്ങൾക്ക് ബോദ്ധ്യമാകുംവിധം ഈ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സംക്ഷിപ്തരൂപത്തിൽ ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. സേവനാവകാശ നിയമത്തിൻ കീഴിൽ നാളിതുവരെ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നും നിയമം സംബന്ധിച്ച് സാധാരണക്കാർക്ക് അവബോധം ഇല്ലാത്തതിനാൽ സേവനാവകാശ നിയമം പൊതുജനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ലെന്നും സമിതി കണ്ടെത്തി. പ്രസ്തുത നിയമത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. | എല്ലാ വകുപ്പുകൾക്കും |
| 8 | 23 | സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | എല്ലാ വകുപ്പുകൾക്കും |

രാജേന്ദ്രൻ ചെട്ടിയാർ കെ.
അണ്ടർ സെക്രട്ടറി

നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



red from eOffice by NEENA K, SO-ASST (PS) LBRD, SO ASST (PS) LBRD, LBR on 23/03/2023 04:59 PM